(ജി) എൻ. ജി. ഒ. ക്വാർട്ടേഴ്സുകളിലെ മെയിന്റനൻസും പുനർനിർമ്മാണവും പൊതുവായി മാത്രം നടത്തുവാനും വ്യക്തിഗത ആനുകൂല്യം നിരുത്സാഹപ്പെടുത്താനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) തുകകളൊന്നും ചെലവഴിച്ചിട്ടില്ല.

(ബി) വാർഷിക അറ്റകുറ്റപ്പണികൾക്കു പുറമേ താമസക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രത്യേക അറ്റകുറ്റപ്പണികളും നടത്താറുണ്ട്.

(സി&ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി അറ്റകുറ്റപ്പണികളുടെ സ്വഭാവവും ഫണ്ടിന്റെ ലഭ്യതയും പരിഗണിച്ച് മുൻഗണനാ ക്രമത്തിലാണ് പ്രവൃത്തികൾ നടത്തുന്നത്.

(എഫ്) 27 എണ്ണം. ഇതിൽ 12 എണ്ണത്തിൽ ഓപ്പൺ യാർഡ് ആസ്ബറ്റോസ് ഷീറ്റ് ഇട്ട് നൽകിയിട്ടുണ്ട്. ബാക്കിയുള്ള ക്വാർട്ടേഴ്സുകളിൽ മേൽപ്പറഞ്ഞ രീതിയിലുള്ള പണികൾ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടത്തുന്നതാണ്.

(ജി) ഇക്കാര്യത്തിൽ വ്യക്തിഗത ആനുകൂല്യം പരിഗണിക്കാറില്ല.

മഞ്ചേരി സിവിൽ സ്റ്റേഷന്റെ പണി തുടങ്ങുവാനുള്ള കാലതാമസം

59 (656) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി സിവിൽ സ്റ്റേഷന്റെ പണി തുടങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ എന്ന് തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പണി തുടങ്ങുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം എന്ത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തുടങ്ങിയിട്ടില്ല.

(ബി & സി) പ്രീ-ക്വാളിഫിക്കേഷൻ ടെന്റർ ക്ഷണിച്ചു കഴിഞ്ഞു. ടെന്റർ തീയതി ജൂലായ് 16-ാം തീയതിയാണ്. ടെന്റർ ഉറപ്പ് വരുത്തിയാൽ ഉടൻതന്നെ എഗ്രിമെന്റ് വച്ച് പണി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly